പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 172

# 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 172

# 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

714/2023.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 172

# 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട
സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 2-ാം വകുപ്പിൽ (xv)-ാം ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xv എ) "റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ സംസ്ഥാന സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്, ഇതിലേക്ക് സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുന്ന സംഗതിയിൽ, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകി നിയോഗിക്കുവാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ, പ്രസ്തുത ആക്റ്റിലെ വിവിധ വകുപ്പുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ അധികാരങ്ങളും ചുമതലകളും പ്രതിപാദിക്കുന്നുവെങ്കിലും, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നതിന് നിർവ്വചനം നൽകിയിട്ടില്ലാത്തതിനാൽ ആയതിന് നിർവ്വചനം നൽകുന്നതിലേക്കായി പ്രസ്തുത ആക്റ്റിലെ 2-ാം വകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന, 2-ാം വകുപ്പ് (xv എ)-ാം ഖണ്ഡപ്രകാരം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ ഏതെങ്കിലുമോ എല്ലാമോ ആയ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ പൊതുവായോ പ്രത്യേകമായോ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള വിജ്ഞാപനങ്ങളും ചട്ടങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. രാജൻ.

# 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2008-ലെ 28-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

** ** ** **

(xv) "രൂപാന്തരപ്പെടുത്തൽ" എന്നാൽ ഈ ആക്റ്റിൽ നിർവ്വചിച്ചപ്രകാരമുള്ള നെൽവയലോ തണ്ണീർത്തടമോ ഏതെങ്കിലും പ്രവർത്തിയോ തുടർപ്രവർത്തികളോ മൂലം, സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കാൻ സാദ്ധ്യമല്ലാത്തതുമായവിധത്തിൽ രൂപാന്തരപ്പെടുത്തുക എന്നർത്ഥമാകുന്നു;

(xvi) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

** ** ** **